KSCSTE JNTBGRI
കെ എസ് സി എസ് ടി ഇ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ
ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
KSCSTE Jawaharlal Nehru Tropical Botanic Garden and Research Institute
An Institution of Kerala State Council for Science, Technology&Environment;
National Centre of Excellence

ജെ.എൻ.ടി.ബി.ജി.ആർ.ഐ/1354/A400/പി.സി.സി/2026 03-09-2026

## ഗവേഷണ പദ്ധതിയിൽ ഒഴിവ്

കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി കൗൺസിലിന് (KSCSTE) കീഴിലുള്ള ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), പാലോട്, തിരുവനന്തപുരം നടപ്പിലാക്കുന്ന **"Bioprospecting and Comparative Evaluation of the Therapeutic Potential of Medicinal Plants Against Major Health Disorders"** എന്ന ഗവേഷണ പദ്ധതിയിലേക്ക് താഴെപ്പറയുന്ന താൽക്കാലിക ഒഴിവുകളിലേക്ക് വാക്-ഇൻ ഇന്റർവ്യൂ മുഖേന നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

1. **ജൂനിയർ പ്രോജക്ട് ഫെല്ലോ - ഒഴിവ് ഒന്ന്**

ഫെല്ലോഷിപ്പ് പ്രതിമാസം: 22000/- രൂപ

- അത്യാവശ്യ യോഗ്യതകൾ: അംഗീകൃത സർവകലാശാലയിൽ നിന്ന് ബോട്ടണി/ ബയോടെക്നോളജി വിഷയത്തിൽ 60% മാർക്കോടെ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം.
- അഭിലഷണീയ യോഗ്യതകൾ: ഔഷധ സസ്യ പര്യവേക്ഷണം, തിരിച്ചറിയൽ, സസ്യ വസ്തുക്കളുടെ ശേഖരണം, ആധികാരികത, സസ്യ സാമ്പിളുകളുടെ വേർതിരിച്ചെടുക്കൽ, ഫൈറ്റോകെമിക്കൽ വിശകലനം, ചികിത്സാ പ്രവർത്തനങ്ങൾക്കായി ഔഷധ സസ്യങ്ങളുടെ ഇൻ വിട്രോ സ്ക്രീനിംഗ് എന്നിവയിൽ പരിചയം അഭിലഷണീയം.

2. **ഫീൽഡ് അസിസ്റ്റന്റ് (ട്രെയിനീ) - ഒഴിവ് രണ്ട്**

സ്റ്റൈപ്പൻഡ് പ്രതിമാസം: 10000/- രൂപ

- അത്യാവശ്യ യോഗ്യതകൾ: ഹയർ സെക്കൻഡറി/പ്ലസ് ടു/ വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ (വിഎച്ച്എസ്ഇ) കുറഞ്ഞത് 60% മാർക്ക് ഉണ്ടായിരിക്കണം.
- അഭിലഷണീയ യോഗ്യതകൾ: ഔഷധ സസ്യ ശേഖരണം, പരിപാലനം, ലബോറട്ടറി സഹായം എന്നിവയിൽ അടിസ്ഥാന പരിചയം. ഔഷധ സസ്യ ഗവേഷണത്തിലോ ലബോറട്ടറി ജോലിയിലോ പ്രസക്തമായ

പരിചയമുള്ളവർക്ക് മുൻഗണന നൽകും.

പ്രായം **01.01.2026** ൽ **40** വയസ്സു കവിയാൻ പാടില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള വയസ്സിളവ് ലഭിക്കുന്നതാണ്.

താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയും അവയുടെ പകർപ്പുകളും സഹിതം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം-695 562-ൽ 2026 സെപ്റ്റംബർ 11-ന് രാവിലെ 10.00-ന് പാലോട് **JNTBGRI**-ൽ കൂടിക്കാഴ്ചക്കായി ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് **www.jntbgri.res.in** സന്ദർശിക്കുക.

**S. SREEKUMAR**

**DIRECTOR(I/C) JNTBGRI**

PALODE

Karimancode P.O.,Pacha-Palode,Thiruvananthapuram-695562,Kerala,India.
Ph:+91 (0)4722869226,2869626, 2869628;Fax:+91(0)4722869646,2868902;E-mail:director@jntbgri.res.in;web: www.jntbgri.res.in